## ലാ അക്കാദമി ഫോർമർ സ്റ്റുഡന്റ്സ് അസോസിയേഷൻ
## (LAFSA)

# പൂർവ്വവിദ്യാർത്ഥി സംഗമവും ഗുരുവന്ദനവും

### 2012 ഒക്ടോബർ 6-ാം തീയതി
### ശനിയാഴ്ച വൈകുന്നേരം 5 മണി

ലാ അക്കാദമി – ലാ കോളേജ് ആഡിറ്റോറിയം
പേരൂർക്കട
തിരുവനന്തപുരം

തിരുവനന്തപുരം
25 - 9 - 2012

സുഹൃത്തെ,

നിയമവിദ്യാഭ്യാസ രംഗത്ത് നാലരപതിറ്റാണ്ടിന്റെ പാരമ്പര്യവും പ്രൗഢിയുമുള്ള ലാ കോളേജ്-ലാ അക്കാദമി കേരളത്തിന്റെ അഭിമാനമാണ്. നീതിന്യായ രംഗത്തും നിയമഗവേഷണ രംഗത്തും അധ്യാപനരംഗത്തും തനതായ വ്യക്തിമുദ്ര പതിപ്പിച്ച ഒട്ടേറെ പ്രതിഭാധനരെ സംഭാവനചെയ്ത് കേരളത്തിന്റെ യശസ്സ് ഉയർത്തുന്നതിന് അക്കാദമിക്ക് സാധിച്ചിട്ടുണ്ട്. അക്കാദമിയിലെ പൂർവ്വ വിദ്യാർത്ഥികളുടെ കൂട്ടായ്മയായ **ലാഫ്സ**യുടെ (ലാ അക്കാദമി ഫോർമർ സ്റ്റുഡന്റ്സ് അസോസിയേഷൻ) ആഭിമുഖ്യത്തിൽ ഈ വർഷവും അതിവിപുലമായ രീതിയിൽ പൂർവ്വവിദ്യാർത്ഥി സംഗമം സംഘടിപ്പിക്കുകയാണ്. 2012 ഒക്ടോബർ 6-ാം തീയതി ശനിയാഴ്ച വൈകിട്ട് 5 മണിക്ക് കോളേജ് ആഡിറ്റോറിയത്തിൽ സംഘടിപ്പിക്കുന്ന സംഗമം ബഹുമാനപ്പെട്ട കേന്ദ്ര ഊർജ്ജ സഹമന്ത്രി **ശ്രീ. കെ.സി. വേണുഗോപാൽ** ഉദ്ഘാടനം ചെയ്യുന്നതും, ബഹുമാനപ്പെട്ട **എം.എൽ.എ ശ്രീ. കെ. മുരളീധരൻ** അദ്ധ്യക്ഷത വഹിക്കുന്നതുമാണ്. തദവസരത്തിൽ ബഹുമാനപ്പെട്ട ആരോഗ്യ-ദേവസ്വം വകുപ്പ് മന്ത്രി **ശ്രീ.വി.എസ്. ശിവകുമാർ** മുഖ്യപ്രഭാഷണം നടത്തുന്നതും. ആരാദ്ധ്യയായ മേയർ ശ്രീമതി **കെ. ചന്ദ്രിക** ലാഫ്സയുടെ ഔദ്യോഗിക വെബ്സൈറ്റ് ഉദ്ഘാടനം ചെയ്യുന്നതുമാണ്

കഴിഞ്ഞ നാലര പതിറ്റാണ്ടായി പ്രഗത്ഭമായ നേതൃപാടവത്തിലൂടെയും, നിസ്വാർത്ഥമായ പ്രവർത്തനങ്ങളിലൂടെയും ലാ അക്കാദമി-ലാ കോളേജിനു വേണ്ടി അഹോരാത്രം പ്രയത്നിക്കുകയും പ്രതിഭാധനരായ പതിനായിരത്തിലധികം അഭിഭാഷകരെയും മറ്റ് നിയമജ്ഞരെയും വാർത്തെടുത്തുകൊണ്ട് നിയമവിദ്യാഭ്യാസ രംഗത്ത് ഭീഷ്മാചാര്യനായി നിലകൊള്ളുകയും ചെയ്യുന്ന ലാ അക്കാദമിയുടെ ബഹുമാന്യനായ ഡയറക്ടർ ഡോ. എൻ. നാരായണൻ നായർ, അക്കാദമിയിൽ ഏറ്റവും കൂടുതൽ കാലം അധ്യാപകനായും പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ച പ്രൊഫ: എസ്. സോമശേഖരൻ നായർ, പ്രൊഫസറായിരുന്ന ആർ. ലക്ഷ്മണ അയ്യർ, അക്കാദമിയിലെ പ്രൊഫസറും ഹൈക്കോടതി ജഡ്ജിയും ഉപലോകായുക്തയുമായിരുന്ന ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ, ലാ അക്കാദമിയുടെ മുൻ പ്രൊഫസറും NUALSന്റെ വൈസ് ചാൻസിലറുമായ ഡോ. എൻ.കെ. ജയകുമാർ, വൈസ് പ്രിൻസിപ്പലായിരുന്ന പ്രൊഫ: എ. ഗോപിനാഥപിള്ള, അക്കാദമിയിലെ അദ്ധ്യാപകനും കേരള യൂണിവേഴ്സിറ്റി നിയമവകുപ്പിന്റെ തലവനുമായ ഡോ. കെ.സി. സണ്ണി എന്നിവരെ തദവസരത്തിൽ പൂർവ്വ വിദ്യാർത്ഥികൾ ആദരിക്കുന്നു. സമ്മേളനശേഷം വിവിധ കലാപരിപാടികൾ സംഘടിപ്പിച്ചിട്ടുമുണ്ട്. രാഷ്ട്രീയ, സാംസ്കാരിക, സാമൂഹിക മണ്ഡലങ്ങളിലും നിയമ, മാധ്യമ ഉദ്യോഗസ്ഥതലങ്ങളിലും പ്രാവീണ്യം തെളിയിച്ച പ്രശസ്തരായ നമ്മുടെ പൂർവ്വ വിദ്യാർത്ഥികളും മറ്റ് പ്രമുഖവ്യക്തികളും പങ്കെടുക്കുന്ന സംഗമത്തിലേക്ക് താങ്കളെ സസന്തോഷം സ്വാഗതം ചെയ്യുന്നു.

സ്നേഹപൂർവ്വം,

അഡ്വ: തോമസ് എബ്രഹാം
പ്രസിഡന്റ്, ലാഫ്സ

അഡ്വ: നാഗരാജ് നാരായണൻ
സെക്രട്ടറി, ലാഫ്സ

# കാര്യപരിപാടി

| | | |
|---|---|---|
| സ്വാഗതം | : | അഡ്വ: തോമസ് എബ്രഹാം<br>പ്രസിഡന്റ്, ലാഫ്സ |
| ഉദ്ഘാടനം | : | **ശ്രീ. കെ.സി. വേണുഗോപാൽ**<br>ബഹു: കേന്ദ്ര ഊർജ്ജ സഹമന്ത്രി |
| അദ്ധ്യക്ഷൻ | : | **ശ്രീ. കെ. മുരളീധരൻ** എം.എൽ.എ. |
| മുഖ്യപ്രഭാഷണം | : | **ശ്രീ. വി.എസ്. ശിവകുമാർ**<br>ബഹു: ആരോഗ്യ – ദേവസ്വം വകുപ്പ് മന്ത്രി |
| വെബ്സൈറ്റ് ഉദ്ഘാടനം | : | ആരാധ്യയായ മേയർ<br>ശ്രീമതി കെ. ചന്ദ്രിക |
| ഗുരുവന്ദനം | : | ഡോ: എൻ. നാരായണൻ നായർ<br>ഡയറക്ടർ, ലാ അക്കാദമി |
| | | പ്രൊഫ: എസ്. സോമശേഖരൻ നായർ<br>മുൻ പ്രിൻസിപ്പൽ, ലാ അക്കാദമി |
| | | ശ്രീ. ആർ. ലക്ഷ്മണ അയ്യർ<br>മുൻ പ്രൊഫസർ, ലാ അക്കാദമി |
| | | ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ<br>(റിട്ട. ഹൈക്കോർട്ട് ജഡ്ജ് & ഉപലോകായുക്ത) |
| | | ഡോ. എൻ. കെ. ജയകുമാർ<br>വൈസ് ചാൻസലർ, NUALS |
| | | പ്രൊഫ: എ. ഗോപിനാഥപിള്ള<br>മുൻ വൈസ് പ്രിൻസിപ്പൽ, ലാ അക്കാദമി |
| | | ഡോ. കെ.സി. സണ്ണി<br>നിയമ വകുപ്പു മേധാവി, കേരള യൂണിവേഴ്സിറ്റി |

എന്നിവരെ ആദരിക്കുന്നു.

| | | |
|---|---|---|
| ഉപഹാരസമർപ്പണം | : | **ശ്രീ. കെ. സി. വേണുഗോപാൽ**<br>ബഹു: കേന്ദ്ര ഊർജ്ജ സഹമന്ത്രി |
| ആശംസ | : | **ശ്രീ. എം. എം. ഹസൻ** (മുൻ മന്ത്രി)<br>**ശ്രീ. കെ. പി. രാജേന്ദ്രൻ** (മുൻ മന്ത്രി)<br>**ശ്രീ. വി. ശിവൻകുട്ടി** എം. എൽ. എ<br>**ശ്രീ. തോമസ് ഉണ്ണിയാടൻ** എം. എൽ. എ<br>**ശ്രീ. എം. എ. വഹിദ്** എം. എൽ. എ<br>**ശ്രീ. ആന്റണി രാജു** (എക്സ് എം. എൽ. എ)<br>**ശ്രീ. കെ. മോഹൻകുമാർ**<br>(എക്സ് എം. എൽ. എ)<br>**ശ്രീ. ജി. സി. ഗോപാലപിള്ള**<br>(ചെയർമാൻ, കെൽട്രോൺ)<br>**അഡ്വ. സന്തോഷ് കുമാർ പി.**<br>(വൈസ് ചെയർമാൻ, ബാർ കൗൺസിൽ ഓഫ് കേരള)<br>**ശ്രീ. അഡ്വ: കെ. പി. ജയചന്ദ്രൻ**<br>(ബാർ കൗൺസിൽ മെമ്പർ,<br>& പ്രസിഡന്റ്, ബാർ അസോസിയേഷൻ, തിരുവനന്തപുരം)<br>**അഡ്വ. ജോസഫ് ജോൺ**<br>(ബാർ കൗൺസിൽ മെമ്പർ)<br>**അഡ്വ. റാഫി രാജ് എൻ.**<br>(ബാർ കൗൺസിൽ മെമ്പർ)<br>**ശ്രീ. എസ്. പി. ദീപക്**<br>(സിൻഡിക്കേറ്റ് മെമ്പർ, കേരള സർവ്വകലാശാല)<br>**ശ്രീ. മുകേഷ്** (ചലച്ചിത്രതാരം)<br>**ശ്രീ. അനിൽ പനച്ചൂരാൻ** |
| നന്ദി | : | **അഡ്വ: നാഗരാജ് നാരായണൻ**<br>സെക്രട്ടറി, ലാഫ്സ |

## കലാപരിപാടികൾ